# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2048 **13.06.2019-ൽ മറുപടിയ്ക്ക്**

### ആയുഷ് വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുർവേദ കോളേജുകളിൽ ആയുഷ് വകുപ്പിന്റെ ധനസഹായ-ത്തോടുകൂടി നടപ്പിലാക്കി വരുന്ന കരൾ രോഗമുക്തി, ആയുഷ്യം, ജ്യോതിർഗമയ, വർണ്യം, കന്യാജ്യോതി, തുടങ്ങിയ പദ്ധതികൾ ഇപ്പോൾ പ്രതിസന്ധി-യിലാണോ; ആണെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ; | (എ) യും (ബി) യും | 2018-19 വർഷം പുതിയതായി ആരംഭിച്ച പദ്ധതികളായ ജ്യോതിർഗമയ, വർണ്യം. കന്യാജ്യോതി, എന്നിവയും നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കരൾ രോഗമുക്തി, ആയുഷ്യം, എന്നീ പദ്ധതികളും 2019-20 വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതുമായി ബന്ധപ്പെട്ട രോഗങ്ങൾക്കുള്ള ചികിത്സകൾ നിലവിലെ സ്ഥാപനങ്ങൾ വഴി നൽകി വരുന്നുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ പുനഃരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ആയുഷ് വകുപ്പിന്റെ ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കാതെ ഈ മേഖലയെ പ്രതിസന്ധിയിലാക്കുന്ന എന്തെങ്കിലും നിലപാട് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ മേല്പറഞ്ഞ പദ്ധതികൾ തുടരുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർത്തലാക്കപ്പെട്ട പദ്ധതികൾ പുനഃരാരംഭിക്കുന്ന കാര്യവും നാഷണൽ ആയുഷ് മിഷൻ ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ തുടരുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ